രാത്രി 8 മണിവരെയാണ് സാധാരണ നിലയിൽ ട്രാഫിക് ഡ്യൂട്ടിക്ക് പോലീസുകാരെ നിയോഗിക്കുന്നത്. പ്രത്യേക സാഹചര്യങ്ങളിൽ തിരക്കൊഴിയുന്നതുവരെ ട്രാഫിക് നിയന്ത്രിക്കുന്നതിന് പോലീസ് ഉദ്യോഗസ്ഥരെ നിയോഗിച്ചു വരുന്നുണ്ട്.

(സി) കഴിഞ്ഞ മൂന്നു കൊല്ലക്കാലത്ത് രാത്രി 8 മണിക്കുശേഷവും പകൽ 7 മണിക്കു മുമ്പും 1788 അപകടങ്ങൾ ഉണ്ടായിട്ടുണ്ട്. പ്രസ്തുത അപകടങ്ങൾമൂലം 22586 പേർക്ക് പരിക്ക് പറ്റുകയും 1539 പേർ മരിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ഇപ്പോൾ രാവിലെ 8 മണി മുതൽ രാത്രി 8 മണിവരെയാണ് സാധാരണ നിലയിൽ ട്രാഫിക് ഡ്യൂട്ടിക്ക് പോലീസുകാരെ നിയോഗിച്ചു വരുന്നത്. ഇരുപത്തിനാലു മണിക്കൂറും ട്രാഫിക് നിയന്ത്രണത്തിനായി പോലീസുകാരെ നിയോഗിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

മത്സ്യ വില്പന മൂലം ഗതാഗത തടസ്സമുണ്ടാകുന്നതായി പരാതി

98 (107) ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തമിഴ്നാട്, ഗോവ, കർണ്ണാടക തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നും വാഹനങ്ങളിൽ കൊണ്ടു വരുന്ന മത്സ്യങ്ങൾ നാഷണൽ ഹൈവേയുടെ ഓരം ചേർന്നു വിൽപ്പന നടത്തുന്നതുമൂലം വാഹന ഗതാഗതത്തിനു തടസ്സം നേരിടുകയും ആ സ്ഥലങ്ങളിൽ വച്ച് പല തവണ വാഹനാപകടങ്ങൾ സംഭവിച്ചതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് ഒഴിവാക്കാൻ എന്തു നടപടികൾ സ്വീകരിച്ചു ;

(ബി) ഇപ്രകാരം വാഹനങ്ങളിൽ കൊണ്ടു വരുന്ന മത്സ്യം നാഷണൽ ഹൈവേയുടെ ഓരം ചേർന്നു വില്പന നടത്തുന്നതിനു സരക്കാർ അനുവാദം കൊടുത്തിട്ടുണ്ടോ;

(സി) നാഷണൽ ഹൈവേയിലൂടെ സഞ്ചരിക്കുന്ന മറ്റു വാഹനങ്ങൾക്ക് ഈ മത്സ്യ വിൽപ്പനമൂലം ഉണ്ടാകുന്ന തടസ്സങ്ങൾ നീക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുറ്റക്കാർക്കെതിരെ പെറ്റി കേസുകൾ ചാർജ്ജ് ചെയ്ത് ശിക്ഷണ നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഇല്ല.

(സി) നാഷണൽ ഹൈവേയുടെ ഓരം ചേർന്ന് വാഹനങ്ങളിൽ മത്സ്യ വില്പന നടത്തുന്നവർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിച്ച് ഗതാഗത തടസ്സം ഉണ്ടാകാതിരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly